ഉത്തരം

(എ) ഉണ്ട്.

(ബി) 5.

(സി) വടക്കാഞ്ചേരി പി. എസ്. ക്രൈം. 236/02 കേസിലെ പ്രതിയെ കോടതി ശിക്ഷിച്ചു. മാള പോലീസ് സ്റ്റേഷൻ ക്രൈം 413/04 കേസ്, 15/സി.ആർ/05 ആയി റീ നമ്പർ ചെയ്ത് സി.ബി.സി.ഐ.ഡി. അന്വേഷണം നടത്തിവരുന്നു. ചാവക്കാട് പി. എസ്. ക്രൈം 400/05 കേസ് ചാവക്കാട് സി. ഐ.-യുടെ നേതൃത്വത്തിൽ ഊർജ്ജിത മായി അന്വേഷണം നടത്തിവരുന്നു. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. മതിലകം പി. എസ്. ക്രൈം 450/05 കേസ് വലപ്പാട് സി. ഐ.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. 7-1-2006 മുതൽ കുന്ദംകുളം ഡിവൈ. എസ്. പി. കൂടി ഉൾപ്പെട്ട അന്വേഷണ സംഘമാണ് അന്വേഷിച്ചുവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ ആസ്ഥാനമായി പോലീസ് സർക്കിൾ രൂപീകരണം

76 [797] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏറ്റവും ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുന്ന മേഖലയാണ് കൊടുങ്ങല്ലൂർ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു പോലീസ് സർക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(സി) ഇതിനുവേണ്ടി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നിലവിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഗണിച്ച് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് പ്രവർത്തനം താൽക്കാലികമായെങ്കിലും കൊടുങ്ങല്ലൂരിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് ചില അധിക വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് 17-9-2005-ൽ ഉണ്ടായ സ്ഫോടനം

77 [798] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്ത് 17-9-2005-നുണ്ടായ സ്ഫോടനം സംബന്ധിച്ച അന്വേഷണത്തിന്റെ നിജസ്ഥിതി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ എത്രപേരെ ചോദ്യം ചെയ്തുവെന്നും ഇതിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വിശദമാക്കാമോ;

(സി) അന്വേഷണ ചുമതല വഹിച്ചിരുന്ന ഡിവൈ. എസ്. പി. യെ സ്ഥലം മാറ്റിയതു മൂലവും പോലീസുകാരെ ശബരിമല ഡ്യൂട്ടിക്കയച്ചതുമൂലവും കേസന്വേഷണം നിലച്ചിരിക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്ഫോടനം സംബന്ധിച്ച് ഗൗരവതരമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖത്ത് 17-9-2005-ൽ നടന്ന സ്ഫോടനം സംബന്ധിച്ച ബേപ്പൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 96/2005 നമ്പർ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും 18-9-2005 മുതൽ കോഴിക്കോട് ക്രൈം ബ്രാഞ്ച് ക്രൈം 395/സി. ആർ/05 നമ്പരായി റീ രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തി വരുന്നതുമാണ്. സ്ഫോടനത്തിൽപ്പെട്ട ഫൈബർ വള്ളത്തിന്റെ ഉടമകളടക്കം മുഴുവൻ ജോലിക്കാരെയും സംഭവസ്ഥലത്തുണ്ടായിരുന്ന ജോലിക്കാരുൾപ്പെടെ 325 പേരെയും ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) 325 പേരെ ചോദ്യം ചെയ്തു. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇക്കാരണത്താൽ അന്വേഷണം നിലച്ചിട്ടില്ല. കേസ് ഊർജ്ജിതമായ അന്വേഷണത്തിലാണ്.

(ഡി) കുറ്റക്കാരെ കണ്ടുപിടിക്കുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.

കിഴുവേലി രാജേഷിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

78 [799] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എങ്കക്കാട് കിഴുവേലി രാജേഷിന്റെ കൊലപാതകത്തിനുശേഷം 5 മാസം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ പോലീസ് ശ്രമിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) കേസന്വേഷണത്തിന്റെ പുരോഗതിയുടെ വിശദാംശം നൽകാമോ;

(സി) പ്രതികളെ കണ്ടെത്താൻ ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് തീരുമാനമെടുക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) നാട്ടുകാരുടെയും വീട്ടുകാരുടെയും ആശങ്കയകറ്റാനും പ്രതികളെ കണ്ടെത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly